**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2135** **11/03/2020 ൽ മറുപടിക്ക്**

**ഖാദി തുണികളുടെ പ്രചാരം വർദ്ധിപ്പിക്കൽ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. വി.കെ. ബഷീർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും,<br>വകുപ്പ് മന്ത്രി) |
| ഖാദി തുണികളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോട്ടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് "ഖാദി ഡെ" പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഖാദി ധരിക്കണമെന്ന് മുൻ ഉത്തരവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ